12102
18/9/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യചികിത്സ നടത്തിയ വകയിൽ എംപാനൽ ആശുപത്രികൾക്കും മെഡിക്കൽ സ്ഥാപനങ്ങൾക്കും നൽകുവാനുള്ള 2 കോടി രൂപ വക മാറ്റി ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

==========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(എം.എസ്) നം.59/2015/സാനീവ തിരുവനന്തപുരം, തീയതി, 15.09.2015

==========================================================================

പരാമർശം കാസർഗോഡ് ജില്ലാ കളക്ടറുടെ 1.09.2015 ലെ ഇ.സി1 -14655/15 നമ്പർ കത്ത്.

## ഉത്തരവ്

എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യചികിത്സ നടത്തിയ വകയിൽ എംപാനൽ ആശുപത്രികൾക്കും, ദുരിതബാധിതർക്ക് മരുന്ന് വിതരണം ചെയ്ത വകയിൽ വിവിധ മെഡിക്കൽ സ്ഥാപനങ്ങൾക്കും ഏകദേശം 2 കോടി രൂപയോളം നൽകാനുണ്ടെന്നും പ്രസ്തുത തുക നൽകാത്തതിനാൽ ആശുപത്രികൾ ദുരിതബാധിതർക്ക് ചികിത്സ നിഷേധിക്കുന്ന സാഹചര്യം ഉള്ളതായി ദേശീയ ആരോഗ്യമിഷൻ (എൻ.എച്ച്.എം) ജില്ലാ പ്രോഗ്രാം മാനേജർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പരാമർശ കത്ത് പ്രകാരം കാസർഗോഡ് ജില്ലാ കളക്ടർ അറിയിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ മുടക്കമില്ലാതെ നൽകുന്നതിനും, നീതി മെഡിക്കൽ സ്റ്റോറുകളിൽ മരുന്ന് ലഭ്യമല്ലാത്ത സ്ഥിതി പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതിനാലും അടിസ്ഥാനത്തിലും ദുരിതബാധിതരുടെ ചികിത്സാ ചെലവിനായി എൻ.എച്ച്.എമ്മിന് ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിന്റെ അടിസ്ഥാനത്തിലും നിലവിൽ ദുരിതബാധിതർക്ക് പ്രത്യേക ധനസഹായം അനുവദിക്കുന്നതിനായി സർക്കാരിൽ നിന്നും ലഭ്യമായ ഫണ്ടിൽ നിന്നും

ജില്ലാ പ്രോഗ്രാം മാനേജർ എൻ.എച്ച്.എമ്മിന് 2,00,00,000/- രൂപ (രണ്ട് കോടി രൂപ മാത്രം) കൂടി എൻഡോസൾഫാൻ ദുരിതബാധിതർക്ക് സമഗ്രആരോഗ്യ പദ്ധതിയായ തേജസ്വിനി വഴി സൗജന്യചികിത്സ അനുവദിക്കുന്നതിനായി വകമാറ്റി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്.
ബ്രാഞ്ച് മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, വിദ്യാ നഗർ ബ്രാഞ്ച്, കാസർഗോഡ്.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ് ( 2.09.2015 ലെ ഇനം നമ്പർ 7354 മന്ത്രിസഭായോഗ തീരുമാനം)
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ